## പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2664 — 06/12/2018 ൽ മറുപടിക്ക്

**ശബരിമല യുവതി പ്രവേശനത്തിലെ ദേവസ്വം ബോർഡ് നിലപാട്**

ചോദ്യം — മറുപടി

ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.അനിൽ അക്കര
ശ്രീ.ഹൈബി ഈഡൻ

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ യുവതികൾക്ക് പ്രവേശിക്കാനായി രണ്ടു ദിവസം മാറ്റി വയ്ക്കണം എന്ന സർക്കാരിന്റെ നിലപാടിനോട് ദേവസ്വം ബോർഡ് യോജിക്കുന്നുണ്ടോ; | (എ) | ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് നിലപാടുകളൊന്നും അറിയിച്ചിട്ടില്ല. |
| (ബി) | ശബരിമല ക്ഷേത്രത്തിൽ കാലാകാലങ്ങളായി, 10 മുതൽ 50 വരെ പ്രായമുള്ള യുവതികളെ ആചാരങ്ങളുടെ ഭാഗമായി പ്രവേശിപ്പിക്കാൻ പാടില്ല എന്ന മുൻ നിലപാടിൽ ദേവസ്വം ബോർഡ് ഉറച്ചു നില്ക്കുന്നുണ്ടോ; | (ബി) | സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഈ വിഷയം ചർച്ച ചെയ്ത് സാവകാശ ഹർജി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ശബരിമലയിൽ വിശ്വാസികളല്ലാത്ത യുവതികളെ പ്രവേശിപ്പിക്കാൻ സർക്കാർ സ്വീകരിച്ചതായി ആക്ഷേപമുള്ള നടപടിയോട് ദേവസ്വം ബോർഡ് യോജിക്കുന്നുണ്ടോ; | (സി) | വിശ്വാസികളല്ലാത്ത യുവതികളെ പ്രവേശിപ്പിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| (ഡി) | സുപ്രീം കോടതി വിധി നടപ്പിലാക്കാൻ സർക്കാർ കാണിച്ച വ്യഗ്രത ശബരിമല കലാപഭൂമിയാക്കാൻ കാരണമായി എന്ന് ബോർഡിന് അഭിപ്രായമുണ്ടോ; വിശദമാക്കുമോ? | (ഡി) | വിധി നടപ്പിലാക്കുന്നതിന് സർക്കാർ വ്യഗ്രത കാണിച്ചുവെന്നോ അതു കാരണം ശബരിമല കലാപ ഭൂമിയായെന്നോ ബോർഡിന് അഭിപ്രായമില്ല. |

സെക്ഷൻ ഓഫീസർ